## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1635** — **31/01/2018-ൽ മറുപടിയ്ക്ക്**

### ലൈഫ് പദ്ധതി

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഭവനരഹിതരായ മുഴുവൻ പേർക്കും വീട് എന്ന ലക്ഷ്യവുമായി തുടക്കം കുറിച്ച ലൈഫ് പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | സംസ്ഥാനത്ത് പാർപ്പിടം ഉറപ്പുവരുത്തുന്നതിനുള്ള ലൈഫ് സർവ്വേ പൂർത്തിയായി. 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1027 സ്ഥാപനങ്ങളിലെ ഗ്രാമസഭകൾ/വാർഡുസഭകൾ അന്തിമ പട്ടിക അംഗീകരിച്ചിട്ടുണ്ട്. 421 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ പട്ടിക അംഗീകരിച്ചു കഴിഞ്ഞു.<br>വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ആനുകൂല്യം ലഭിച്ച് നിർമ്മാണം ആരംഭിക്കുകയും എന്നാൽ പൂർത്തിയാകാത്തതുമായ 66750 ഭവനങ്ങളുടെ വിവരം ശേഖരിച്ചു. വിവിധ വകുപ്പുകൾ, തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ടുകൾ ശേഖരിച്ച് അവയുടെ പൂർത്തീകരണം ആരംഭിച്ചിട്ടുണ്ട്. എസ്.ടി വിഭാഗത്തിലുള്ളവർക്ക് വീട് പൂർത്തിയാക്കുന്നതിനുള്ള യഥാർത്ഥ ചെലവും ബാക്കിയുള്ളവർക്ക് 4 ലക്ഷം രൂപയുടെ ആനുപാതിക വർദ്ധനവുമാണ് നൽകുന്നത്. ഇതുവരെ 3661 വീടുകൾ പൂർത്തിയായി കഴിഞ്ഞു.<br>സംസ്ഥാനത്തെ 14 ജില്ലകളിൽ ആദ്യ ഘട്ട ഭവന സമുച്ചയ നിർമ്മാണം നടത്തുന്നതിന് സ്ഥലം കണ്ടെത്തി. ഇതിൽ |

| | | | |
|---|---|---|---|
| | | | ഏഴ് ജില്ലകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറായിട്ടുണ്ട്. മറ്റ് ജില്ലകളിലെ ആദ്യഘട്ട സമുച്ചയങ്ങളുടെ ഡി.പി.ആർ തയ്യാറാക്കിവരുന്നു. |
| (ബി) | പദ്ധതിയിൽപ്പെട്ട മുപ്പതിനായിരത്തോളം വീടുകളുടെ നിർമ്മാണം പൂർത്തിയാകാത്തതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. എന്നാൽ മുൻ ഭവന പദ്ധതികളുടെ ഭാഗമായി നിർമ്മാണം ആരംഭിച്ച 66,750 വീടുകൾ പൂർത്തിയാവാതെ അവശേഷിക്കുന്നുണ്ട്. ടി വീടുകളുടെ നിർമ്മാണമാണ് ആദ്യ ഘട്ടത്തിൽ ലൈഫ് പദ്ധതിയിലൂടെ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് പണം കണ്ടെത്തുന്നതിനായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേരത്തെ തയ്യാറാക്കിയ പദ്ധതികൾ വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഇല്ലെങ്കിൽ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ? | (ഡി) | പൂർത്തീകരിക്കാത്ത ഭവനങ്ങൾ 2018 മാർച്ച് 31-ന് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മിഷന്റെ മറ്റ് ലക്ഷ്യങ്ങൾ 2021-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**